## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2222** **16-03-2022 - ൽ മറുപടിയ്ക്ക്**

## കോവിഡ് മരണങ്ങളുടെ കണക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആകെ എണ്ണം എത്രയാണ്; അപ്പീൽ വഴി മാത്രം കോവിഡ് പട്ടികയിൽ ഉൾപ്പെടുത്തിയ മരണങ്ങളുടെ എണ്ണം എത്രയാണ്;ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | 14.03.2022 വരെ 66,886 കോവിഡ് -19 മരണങ്ങളാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അപ്പീൽ മുഖാന്തിരം 27,430മരണങ്ങളും കോവിഡ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | കോവിഡ് ബാധിച്ച് മരണപ്പെട്ടതും എന്നാൽ നാളിതുവരെയായി പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്താത്തതുമായ എത്ര കേസുകൾ ഇനി തീർപ്പാക്കാനുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കോവിഡ് മൂലം മരണപ്പെട്ടവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത പേരുകൾ സംബന്ധിച്ച് അപ്പീൽ വഴി നൽകിയാൽ പരിശോധിച്ച് ഉൾപ്പെടുത്തി വരുന്നു. 14.03.2022 വരെ കേരളത്തിലെ കോവിഡ് മരണ നിരക്ക് 1.02% ആണ് (case fatality rate). ബഹു. സുപ്രീം കോടതി നിർദ്ദേശ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സമർപ്പിക്കപ്പെട്ട അപ്പീലുകൾ പരിഗണിച്ച് കോവിഡ് മരണങ്ങളായി സ്ഥിരീകരിക്കപ്പെട്ട മരണങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് ഈ നിരക്ക്. |
| (സി) | കേരളത്തിൽ കൊവിഡ് മരണനിരക്ക് ആകെ എത്രയാണ്; തീർപ്പാക്കാനുള്ള കേസുകൾ കൂടി ഉൾപ്പെടുത്തുമ്പോൾ ഇത് എത്രയാകുമെന്നാണ് കരുതുന്നത്; | (സി) | കോവിഡ് മൂലം മരണപ്പെട്ടവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത പേരുകൾ സംബന്ധിച്ച് അപ്പീൽ വഴി നൽകിയാൽ പരിശോധിച്ച് ഉൾപ്പെടുത്തി വരുന്നു. 14.03.2022 വരെ കേരളത്തിലെ കോവിഡ് മരണ നിരക്ക് 1.02% ആണ് (case fatality rate). ബഹു. സുപ്രീം കോടതി നിർദ്ദേശ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സമർപ്പിക്കപ്പെട്ട അപ്പീലുകൾ പരിഗണിച്ച് കോവിഡ് മരണങ്ങളായി സ്ഥിരീകരിക്കപ്പെട്ട മരണങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് ഈ നിരക്ക്. |
| (ഡി) | കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ പേരുകൾ യഥാസമയം പട്ടികയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണമെന്ത്; ഇതുകാരണം അർഹമായ | (ഡി) | കോവിഡ് മഹാമാരിയുടെ തുടക്കം മുതൽ ലോകാരോഗ്യ സംഘടനയുടെയും ICMRന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് |

| | | | |
|---|---|---|---|
| | ധനസഹായം ലഭിക്കാതെ വരുന്നതിനും കാലതാമസമുണ്ടാകുന്നതിനും ഇടയാക്കിയിട്ടുണ്ട് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | കേരളത്തിൽ കോവിഡ് -19 മൂലമുള്ള മരണം റിപ്പോർട്ട് ചെയ്തിരുന്നത്. ഇത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി ഇ -ഹെൽത്തിന്റെ നേതൃത്വത്തിൽ 2021 ജൂൺ 18 മുതൽ ഡെത്ത് ഇൻഫർമേഷൻ പോർട്ടൽ സജ്ജീകരിക്കുകയുണ്ടായി. എന്നാൽ കോവിഡ് 19 ബാധിച്ച് രോഗി മരണപ്പെട്ട ആശുപത്രികളിൽ നിന്നും യഥാസമയം മെഡിക്കൽ ബുള്ളറ്റിൻ ലഭിക്കാത്തതും അപൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയതുമായ സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ അപൂർണ്ണമായ വിവരങ്ങൾ നൽകിയ മെഡിക്കൽ ബുള്ളറ്റിനുകൾ ആശുപത്രികളിൽ തിരികെ അയയ്ക്കുകയും യഥാസമയം തിരികെ റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കൂടാതെ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയും വിപുലീകരിക്കുകയും ചെയ്തു. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ 03/09/2021 ലെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുടർന്ന് കോവിഡ് മരണ പട്ടികയിൽ ഉൾപ്പെടാതെ പോയിട്ടുള്ളവരുടെ ആശ്രിതർക്ക് അപ്പീൽ നൽകുവാനുള്ള അവസരം പോർട്ടൽ മുഖാന്തിരം ഏർപ്പെടുത്തുകയും ഇവ ജില്ലാ തലത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ചെയർമാനായുള്ള അഞ്ചംഗ C-DAC സമിതി പരിശോധിച്ച് യോഗ്യരായവരെ മരണപ്പട്ടികയിൽ ഉൾപ്പെടുത്തി അവർക്കാവശ്യമായ ഡെത്ത് ഡിക്ലറേഷൻ ഡോക്യുമെന്റ് നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl.No | Districts | Appeal Death |
|---|---|---|
| 1 | Thiruvananthapuram | 2219 |
| 2 | Kollam | 3212 |
| 3 | Pathanamthitta | 993 |
| 4 | Alappuzha | 2762 |
| 5 | kottayam | 2227 |
| 6 | Idukki | 736 |
| 7 | Ernakulam | 3010 |
| 8 | Thrissur | 3034 |
| 9 | Palakkad | 2143 |
| 10 | Malappuram | 2830 |
| 11 | Kozhikkode | 1929 |
| 12 | Wayanad | 260 |
| 13 | Kannur | 1470 |
| 14 | Kasaragod | 605 |
| | **Grand Total** | **27430** |